## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 958

11.07.2016 ൽ
മറുപടിയ്ക്ക്

## കെ.ഡി.എച്ച് നിയമ പ്രകാരമുള്ള ഭൂമി വിതരണം

| **ചോദ്യം**<br>ശ്രീ.എസ്.രാജേന്ദ്രൻ | **മറുപടി**<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കെ.ഡി.എച്ച് നിയമ പ്രകാരം ദേവികുളം താലൂക്കിൽ, ഭൂരഹിത കർഷകർക്ക് പതിച്ച് നൽകുവാനായി എത്ര ഭൂമി നീക്കി വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര പേർക്ക് പട്ടയ നടപടികൾ പൂർത്തീകരിച്ച് ഭൂമി വിട്ടു നൽകിയെന്ന് വ്യക്തമാക്കുമോ; | (എ) 1971 ലെ കെ.ഡി.എച്ച് ഭൂമി വീണ്ടെടുക്കൽ നിയമ പ്രകാരം കണ്ണൻ ദേവൻ പ്രൊഡ്യൂസ് കമ്പനിയിൽ നിന്നും സർക്കാരിലേക്ക് ഏറ്റെടുത്തതിൽ മാങ്കുളം പ്രദേശത്തുള്ള 5189 ഏക്കർ ഭൂമി ഭൂരഹിതർക്ക് പതിച്ചു നൽകുന്നതിന് പ്രത്യേകം നീക്കിവച്ചിട്ടുണ്ട്. അതിൽ 524 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. |
| (ബി) സർവ്വേ നടപടികൾക്ക് പ്രത്യേക ടീം നിലവിലുണ്ടോ; ഉണ്ടെങ്കിൽ സർവ്വേ നടപടികൾ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) നിലവിലുണ്ട്. ഫോറസ്റ്റ് സെറ്റിൽമെന്റ് നടപടികളുടെ ഭാഗമായി മാങ്കുളം റിസർവ്വ് വനത്തിന്റെ അതിർത്തികൾ നിശ്ചയിക്കുന്നതിനുള്ള ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള സർവ്വേ നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (സി) ദേവികുളം താലൂക്ക് ഓഫീസിലെ ബി2-1874/16 ലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; | (സി) ബഹു. കേരളാ ഹൈക്കോടതിയുടെ W.A.831/2014 നമ്പർ വിധി പ്രകാരം ദേവികുളം താലൂക്കിലെ ബി2/1874/2016 നമ്പർ ഫയൽ പ്രകാരമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകൃതമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് നടപ്പിലാക്കിയോയെന്ന് വ്യക്തമാക്കുമോ? | (ഡി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് നടപ്പിലാക്കുന്നതിലുള്ള നിയമപരമായ തടസ്സങ്ങൾ ചൂണ്ടിക്കാട്ടി 06/06/2016 ന് ജില്ലാ കളക്ടർ കമ്മീഷന് മറുപടി നൽകിയിട്ടുണ്ട്. ബഹു.കമ്മീഷന്റെ ഉത്തരവിൽ ഉൾപ്പെട്ടവർ അംഗീകൃത |

ഗുണഭോക്താക്കൾ അല്ലാത്തതിനാലും, ഫോറസ്റ്റ് സെറ്റിൽമെന്റ് നടപടികൾ തുടർന്നുവരുന്നതിനാലും സെറ്റിൽമെന്റ് നടപടികളും, അംഗീകൃത ഗുണഭോക്താക്കൾക്കുള്ള ഭൂമി വിതരണവും പൂർത്തിയാക്കിയതിനുശേഷമേ പരാതിക്കാരുടെ പേരിലുള്ള ഭൂമി പതിവ് പരിഗണിക്കാനാവൂ.

Srindhya
സെക്ഷൻ ഓഫീസർ